മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ) : സർ, തൃശൂർ, മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന എടക്കഴിയൂർ-വെളിയംകോട് റോഡിന്റെ പുനർനിർമ്മാണത്തിനായി 24 ലക്ഷം രൂപയുടെ വർക്കിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. അതിന്റെ പണി തുടങ്ങുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിച്ചുവരികയാണ്.

(16) പയ്യാമ്പലം കടപ്പുറം ടൂറിസ്റ്റു കേന്ദ്രമാക്കണമെന്ന ആവശ്യം

ശ്രീ. പി. ഭാസ്കരൻ : സർ, കണ്ണൂർ നഗരത്തിൽ പ്രകൃതി മനോഹരവും ചരിത്രപ്രാധാന്യവുമുള്ള പയ്യാംപലം കടപ്പുറം ഒരു ടൂറിസ്റ്റ് കേന്ദ്രമായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സ്വാതന്ത്ര്യസമരസേനാനികളായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, എ. കെ. ജി., പി. കെ. ഗോപാലൻ, എൻ. സി. ശേഖർ, ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായർ, രാഷ്ട്രീയ നേതാക്കൻമാരായ അഴീക്കോട് രാഘവൻ, പി. പി. ശ്രീധരൻ, ടി. വി. നാരായണൻ നിരവധി സാമൂഹ്യ സാംസ്കാരിക നായകൻമാർ, സന്യാസിമാർ തുടങ്ങിയവർ അന്ത്യവിശ്രമം കൊള്ളുന്ന പരിപാവനമായ പുണ്യഭൂമിയാണ് പയ്യാംപലം കടപ്പുറം. കോവളത്തെ പോലും വെല്ലുവിളിക്കാൻ പറ്റുന്ന പ്രകൃതി അനുഗ്രഹിച്ച സ്ഥലമാണ് പയ്യാംപലം. അടിയന്തിരമായി പയ്യാംപലം കടപ്പുറം ഒരു വിനോദസഞ്ചാര കേന്ദ്രമായി അംഗീകരിക്കണമെന്നും ഞാൻ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ) : സർ, പയ്യാംപലം കടപ്പുറം ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പയ്യാംപലം ബീച്ചിലെ സൗകര്യങ്ങളും മെച്ചപ്പെടുത്താൻ സാമ്പത്തികസഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ട്. വിവേലഭ്യതയനുസരിച്ച് എട്ടാം പദ്ധതിക്കാലത്ത് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

(17) ആലകോട്-കാപ്പിമല റോഡ് നന്നാക്കണമെന്ന ആവശ്യം

ശ്രീ. കെ. സി. ജോസഫ് : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ആലകോട്-കാപ്പിമല റോഡ് 1957-ൽ പി. ഡബ്ലിയു. ഡി. ഏറ്റെടുത്തതാണ്... 35 കൊല്ലം കഴിഞ്ഞു. ഇതുവരെ ആ റോഡിന് ഭരണാനുമതിയോ സാങ്കേതികാനുമതിയോ കൊടുത്തിട്ടില്ല. റോഡ് വളരെ ശോച്യാവസ്ഥയിലാണ്. ഇപ്പോൾ ഗവൺമെന്റിന്റെ സാമ്പത്തികനില മെച്ചമായതുകൊണ്ട് ആ വർക്ക് ടേക്കപ്പ് ചെയ്യാൻ നിർദ്ദേശിച്ചതായി അറിയുന്നു. ദയവായി ആലകോട്-കാപ്പിമല റോഡിന് ഭരണാനുമതിയും സാങ്കേതികാനുമതിയും കൊടുത്ത് ആ റോഡ് ടാറുചെയ്യാനുള്ള നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ) : സർ, ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് 1988-ലാണ് ആദ്യമായിട്ട് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഈ റോഡ് ഏറ്റെടുക്കുന്നതു സംബന്ധിച്ച് ഗവൺമെന്റിന് തടസ്സമൊന്നുമില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ മോശമായ സാമ്പത്തിക സ്ഥിതി കാരണം മുൻഗണനയിൽ വന്നില്ലെന്നതുകൊണ്ടാണ് എടുക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly